**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2566 — 12.02.2019-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബ ങ്ങളുടെ എണ്ണം എത്രയായിരുന്നു; | എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിലെ കണക്ക് പ്രകാരം 12435 പേർ ഭൂരഹിതരാണ്. |
| ബി) | ആയത് നിലവിൽ എത്ര ; വ്യക്ത മാക്കുമോ ; | ബി) | നിലവിൽ 11,474 പേരാണ് ഭൂരഹിതരായിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| സി) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബ ങ്ങൾക്ക് ഭൂമി വാങ്ങി നൽകാൻ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതു വരെ എത്ര തുക ചെലവഴിച്ചു ; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ഓരോ കുടുംബത്തിനും ശരാശരി എത്ര സെന്റ് വീതം നല്കി; വ്യക്ത മാക്കുമോ ; | സി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുവാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 26.84 കോടി രൂപ ചെലവഴിച്ചു. 283 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു. ഓരോ കുടുംബത്തിനും കുറഞ്ഞത് 25 സെന്റ് വീതം നൽകിയിട്ടുണ്ട്. |
| ഡി) | അവശേഷിക്കുന്ന മുഴുവൻ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി വാങ്ങി നൽകാൻ അടിയന്തര നടപടി സ്വീകരി ക്കുമോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ ; | ഡി) | അവശേഷിക്കുന്ന മുഴുവൻ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി വാങ്ങി നൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിക്ഷിപ്ത വനഭൂമി വിതരണത്തിൽ നിൽക്കുന്ന തടസ്സങ്ങൾ പരിഹരിച്ച് ഭൂമി വിതരണം നടത്തുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. ഭൂമി വിൽപ്പനയ്ക്ക് തയ്യാറായിട്ടുള്ളവരിൽ നിന്നും ഭൂമി വാങ്ങി |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്ന പദ്ധതിയുടെ നടപടികളും പുരോഗമിച്ചു വരുന്നു. ഒരു വർഷത്തിനകം ഭൂമി പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്. |
| ഇ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ എത്ര പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമിയുടെ കൈവശ രേഖ നൽകിയിട്ടുണ്ട് ; എത്ര പേർക്ക് എത്ര ഏക്കർ നിക്ഷിപ്ത വനഭൂമി നൽകി; വ്യക്തമാക്കുമോ ? | ഇ) | ഈ സർക്കാർ വന്നതിനു ശേഷം 686 പേർക്ക് 1493 ഏക്കർ ഭൂമിയുടെ വനാവകാശ കൈവശരേഖ നൽകിയിട്ടുണ്ട്. 1559 പേർക്ക് 1309.54 ഏക്കർ നിക്ഷിപ്ത വനഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ

| ക്രമം നം | ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 27 |
| 2 | കൊല്ലം | 37 |
| 3 | പത്തനംതിട്ട | 181 |
| 4 | ആലപ്പുഴ | 289 |
| 5 | കോട്ടയം | 124 |
| 6 | ഇടുക്കി | 117 |
| 7 | എറണാകുളം | 227 |
| 8 | തൃശ്ശൂർ | 48 |
| 9 | പാലക്കാട് | 679 |
| 10 | കോഴിക്കോട് | 117 |
| 11 | മലപ്പുറം | 598 |
| 12 | വയനാട് | 8263 |
| 13 | കണ്ണൂർ | 264 |
| 14 | കാസർഗോഡ് | 503 |
| | ആകെ | **11,474** |